(ബി) എങ്കിൽ ഇതിന്മേൽ സർക്കാർ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷണൽ ബഞ്ച് പാസ്സാക്കിയ വിധിയുടെ പകർപ്പ് ഇതുവരെ സർക്കാരിൽ ലഭ്യമായിട്ടില്ല. അത് അടിയന്തിരമായി ലഭ്യമാക്കി അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

പന്ന്യന്നൂർ വില്ലേജ് ഓഫീസ് കെട്ടിടം

261 [2316] ശ്രീ. കെ. പി. മോഹനൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ വില്ലേജ് ഓഫീസ് കെട്ടിടം പുതുക്കിപ്പണിയുന്നതിനുവേണ്ടി നൽകിയ നിവേദനത്തിന്മേൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പണി എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പന്ന്യന്നൂർ ഉൾപ്പെടെ കണ്ണൂർ ജില്ലയിലെ വില്ലേജ് ഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്ക് എസ്റ്റിമേറ്റ് സഹിതം സമാഹൃത പ്രൊപ്പോസൽ ലഭ്യമാക്കാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രൊപ്പോസൽ ലഭ്യമായാൽ എത്രയും പെട്ടെന്ന് മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പണി തുടങ്ങണമെന്നാണ് ഉദ്ദേശിക്കുന്നത്.

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾ

262 [2317] ശ്രീ. യു. സി. രാമൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഏതെല്ലാം വില്ലേജ് ആഫീസാണുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടങ്ങളിൽ സ്വന്തമായി കെട്ടിടമുണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന് വേണ്ടി കൈക്കൊണ്ട നടപടി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടങ്ങൾ എന്നേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുറ്റിക്കാട്ടൂർ, പെരുമണ്ണ, പെരുവയൽ എന്നീ വില്ലേജുകൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്ത്.

(ബി) ഉണ്ട്.

(സി ആന്റ് ഡി) പെരുമണ്ണ വില്ലേജാഫീസ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നല്കിയിട്ടുണ്ട്. മറ്റ് രണ്ട് വില്ലേജുകൾക്കും കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമായ സ്ഥലം അന്വേഷിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

വടക്കാഞ്ചേരിയിലെ റവന്യൂ ടവർ

263 [2318] ശ്രീ. എ. സി. മൊയ്തീൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കാസ്ഥാനമായ വടക്കാഞ്ചേരിയിൽ റവന്യൂ ടവർ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ വർഷം തന്നെ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ ആന്റ് ബി) 6-2-2004-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നം. 5/2004/ഭവനം പ്രകാരം സ്ഥല ലഭ്യതയുടേയും ബോർഡിന്റെ വിഭവശേഷിയുടേയും അടിസ്ഥാനത്തിൽ പുതിയ റവന്യൂ ടവറുകളുടെ പണി ആരംഭിക്കുന്നതിന് ഭവന നിർമ്മാണ ബോർഡിന് അനുവാദം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തിക അഭികാമ്യത പരിശോധിച്ചശേഷം സർക്കാർ അംഗീകാരത്തോടു കൂടി വടക്കാഞ്ചേരിയിൽ റവന്യൂ ടവർ പണിയുന്നതിനുള്ള നടപടി ഭവന നിർമ്മാണ ബോർഡ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly